അനുവാദമുണ്ട്. ഡ്യൂട്ടി സമയത്ത് പ്രത്യേക അനുവാദത്തോടെ അടിയന്തിര ഘട്ടങ്ങളിൽ ആശുപത്രിയിൽ മറ്റു പകരം സംവിധാനം ഏർപ്പെടുത്തിയശേഷം അത്തരം കേസുകൾ അറ്റന്റു ചെയ്യാവുന്നതുമാണ്. വീട്ടിൽ രോഗികളെ കിടത്തി ചികിത്സിക്കുകയോ ഓപ്പറേഷൻ തുടങ്ങിയവ നടത്തുകയോ പാടുള്ളതല്ല. എന്നിരുന്നാലും വ്യാപകമായി സ്വകാര്യ പ്രാക്ടീസ് നടക്കുന്നതായിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിൽ ഒരു കമ്മീഷനെ നിയമിച്ചു പഠനം നടത്തുകയുണ്ടായി. കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നത് ഭാരിച്ച സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുമെന്നതിനാലും നിലവിലുള്ള നിയമം പൂർണ്ണമായി മാറ്റേണ്ടതുള്ളതിനാലും ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്.

ലെപ്രസി വിഭാഗം ജീവനക്കാർക്ക് ഉയർന്ന ശമ്പള സ്കെയിലിന് നടപടി

154 (3344) ശ്രീ ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആരോഗ്യ വകുപ്പിലെ മറ്റ് സാങ്കേതിക വിഭാഗം ജീവനക്കാർക്ക് നൽകിയ ഉയർന്ന ശമ്പള സ്കെയിൽ സാങ്കേതിക വിഭാഗം ജീവനക്കാരായ ലെപ്രസി വിഭാഗം ജീവനക്കാർക്കും നൽകുന്നതിനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

ലെപ്രസി വിഭാഗം ജീവനക്കാരുടെ നിവേദനത്തിൽമേൽ നടപടി കൈകൊണ്ടു വരുന്നു.

ആരോഗ്യ വകുപ്പിലെ വിവിധ ഒഴിവുകൾ

155 (3345) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ നേഴ്സിംഗ് അസിസ്റ്റന്റ്, അറ്റൻഡർ ഗ്രേഡ് ഒന്ന്, അറ്റൻഡർ ഗ്രേഡ് രണ്ട് എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നേഴ്സിംഗ് അസിസ്റ്റന്റ് - 159, ഹോസ്പ്പിറ്റൽ അറ്റൻഡർ ഗ്രേഡ് ഒന്ന് - 116, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് രണ്ട് - 300.

(ബി) ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് രണ്ടിന്റെ നിലവിലുള്ള ഒഴിവുകൾ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് വഴി നികത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു. ഹോസ്പ്പിറ്റൽ അസിസ്റ്റന്റ് ഗ്രേഡ്-ഒന്ന്, നേഴ്സിംങ്ങ് അസിസ്റ്റന്റ് എന്നീ

LIBRARY ARCHIVES Kerala Legislative Assembly